11
ബുധൻ
2018 ഏപ്രിൽ
1193 മീനം 28

മക്തബ്

www.makthabdaily.com

റെഡിമെയ്ഡ്
കട്ടിള, ജനൽ, ഡോർ
സോന വുഡ്
കട്ടിള 3,750/-
3 പാളി ജനൽ 9,350/-
ഡോർ 2,400/-
N.H ചിറവക്ക്, തളിപ്പറമ്പ് | N.H മാങ്ങാട്
Mob: 8592 888005 | 8593 888 013

തളിപ്പറമ്പ പുസ്തകം 11 ലക്കം 144 makthabdaily@gmail.com RNI Reg.No.KER MAL/2007/22043 Reg.No.KL/KNR/15/2018-20 Ph: 0460- 2208010 പേജ് 4 വില: 4.00 രൂപ

സി.പി.എം-പരിഷത്ത് അകൽച്ച കൂടുന്നു

സി.പി.എം നേതാക്കളുടെ മക്കളുടെ ടൂറിസം പദ്ധതിക്ക് കുന്നിടിക്കുന്നതിന് എതിരെ ശാസ്ത്ര സാഹിത്യ പരിഷത്ത്

തളിപ്പറമ്പ: സി.പി.എമ്മും ശാസ്ത്രസാഹിത്യപരിഷത്തും തമ്മിലുള്ള അകൽച്ച വർധിച്ചു. കീഴാറ്റൂർ ബൈപ്പാസിന് വേണ്ടി വയൽ നികത്തുന്നതിന് എതിരെ ബദൽ പാതയുണ്ട് എന്ന പരിഷത്തിന്റെ പഠന റിപ്പോർട്ടാണ് അകൽച്ചക്ക് ആക്കം കൂട്ടിയത്. എന്നാൽ അതിന് മുമ്പ് തന്നെ ദേശീയ പാത വികസനവുമായി ബന്ധപ്പെട്ട് പരിഷത്ത് എടുത്ത നിലപാട് സി.പി.എമ്മിനെ വെട്ടിലാക്കിയിരുന്നു. 30 മീറ്ററിൽ ദേശീയപാത വികസിപ്പിക്കാൻ കഴിയുമെന്ന പരിഷത്ത് നിലപാടായിരുന്നു സി.പി.എമ്മിന് പ്രശ്നം സൃഷ്ടിച്ചത്. അതിന് പുറമെ ദേശീയപാത വികസനത്തിനു വേണ്ടി തൃശൂർ ജില്ലയിൽ വൻതോതിൽ വയലുകളും തണ്ണീർത്തടങ്ങളും നശിപ്പിക്കുന്നതിന് എതിരെ പരിഷത്ത് തയ്യാറാക്കിയ പഠന റിപ്പോർട്ടും സി.പി.എമ്മിന്റെ രോഷത്തിനിടയാക്കി. ഏറ്റവും ഒടുവിൽ സ്വാശ്രയ മെഡിക്കൽ ബില്ലിന് എതിരെയും പരിഷത്ത് നിലപാട് സ്വീകരിച്ചതും സി.പി.എമ്മിന് തലവേദനയായി.

ആദ്യകാലത്ത് യുക്തിവാദി സംഘവുമായി അടുത്ത് നിൽക്കുകയും പിന്നീട് പൂർണ്ണമായി അകലുകയും ചെയ്ത അതേ അവസ്ഥയിലേക്കാണ് സി.പി.എമ്മും പരിഷത്തുമായുള്ള ബന്ധം എത്തുന്നത്. എന്നാൽ യുക്തിവാദി സംഘവുമായുള്ള അകൽച്ച പാർട്ടിക്ക് ഗുണം ചെയ്തുവെന്ന വിലയിരുത്തലാണ് സി.പി.എം നേതൃത്വത്തിനുള്ളത്. അയ്യപ്പ സേവാ സംഘം എ.പി. വിഭാഗം സുന്നികൾ തുടങ്ങിയ സംഘടനകളുമായുള്ള ബന്ധത്തിലൂടെ യുക്തിവാദി ബന്ധത്തെക്കാൾ നേട്ടം കൊയ്യാൻ കഴിഞ്ഞുവെന്നാണ് സി.പി.എം കരുതുന്നത്. പരിഷത്തിന്റെ സമ്മേളനങ്ങൾ നടന്നുകൊണ്ടിരിക്കുന്ന ഘട്ടമാണിത്. പരിഷത്തിലെ ഭൂരിപക്ഷം പ്രവർത്തകരും സി.പി.എം പ്രവർത്തകരും അനുഭാവികളുമാണ്. എന്നാൽ പരിഷത്തിന്റെ സമ്മേളനങ്ങളിൽ നിന്ന് സി.പി.എമ്മുകാരായ ഒരു വിഭാഗം വിട്ടുനിൽക്കുകയാണ്. പരിഷത്താകട്ടെ സി.പി.ഐ പ്രവർത്തകരെ ആകർഷിച്ച് ഈ ക്ഷീണം പരിഹരിക്കാനുള്ള ശ്രമത്തിലാണ്.

സി.പി.എമ്മിന്റെ ശക്തികേന്ദ്രമായ മോറാഴയിൽ നടന്ന പരിഷത്ത് തളിപ്പറമ്പ് മേഖല സമ്മേളനത്തിൽ സി.പി.ഐ പ്രവർത്തകനായ ഇ.എ.വി. നമ്പൂതിരിയാണ് പ്രസിഡണ്ടായി തിരഞ്ഞെടുക്കപ്പെട്ടതെന്നത് ശ്രദ്ധേയമാണ്. അതേസമയം സെക്രട്ടറി മുകുന്ദൻ മാസ്റ്ററും ട്രഷറർ ഇ. മോഹനനും സി.പി.എം പ്രവർത്തകരാണ്. സി.പി.എം നേതൃത്വത്തിലുള്ള തളിപ്പറമ്പ് എഡ്യൂക്കേഷൻ സഹകരണ സൊസൈറ്റിയുടെ സെക്രട്ടറിയാണ് മോഹനൻ.

പ്രമുഖ സി.പി.എം നേതാക്കളുടെ മക്കളും ബന്ധുക്കളും ചേർന്ന് വെള്ളിക്കീലിൽ ആരംഭിക്കുന്ന വൻ ടൂറിസം പദ്ധതിക്ക് വേണ്ടി കുന്നിടിക്കുകയും വയൽ നികത്തുകയും ചെയ്യുന്നതിന് എതിരെ പരിഷത്ത് രംഗത്ത് വന്നിട്ടുണ്ട്. പരിഷത്തിന്റെ ബക്കളം യൂനിറ്റ് സമ്മേളനത്തിൽ കുന്നിടിക്കുകയും വയൽ നികത്തുകയും ചെയ്യുന്നതിന് എതിരെ പ്രമേയം പാസാക്കുകയും ചെയ്തു.

ഒരുഭാഗത്ത് വെള്ളിക്കീൽ കുന്നും മറുഭാഗത്ത് വയലും സമീപം കാനൂൽ- ഉടുപ്പ വയലും സ്ഥിതി ചെയ്യുന്ന പ്രദേശത്താണ് വൻ ടൂറിസം പദ്ധതി വരുന്നത്. ഇതിനായി വെള്ളിക്കീലിലെ വൻ കുന്ന് ഇടിച്ചു നിരത്തുന്നതിൽ സി.പി.എം പ്രവർത്തകർക്ക് കടുത്ത അമർഷമുണ്ട്. എന്നാൽ നേതൃത്വത്തെ ഭയന്ന് പരസ്യമായി രംഗത്തിറങ്ങാൻ മടിക്കുകയും ചെയ്യുന്നു. കുന്നിന്റെ ഘടന തന്നെ മാറ്റുന്ന കുന്നിടിക്കൽ വൻ പാരിസ്ഥിതിക പ്രത്യാഘാതം ഉണ്ടാക്കുമെന്ന അഭിപ്രായമാണ് പ്രദേശവാസികൾക്കുള്ളത്. പരിഷത്ത് പ്രമേയത്തോടെ ഇതിന് എതിരെ ജനങ്ങൾക്ക് രംഗത്ത് വരാനുള്ള സാഹചര്യം കൂടി ഒരുങ്ങിയിരിക്കുകയാണ്. ഒരുപക്ഷെ, കീഴാറ്റൂർ പ്രശ്നം പോലെ സി.പി.എമ്മിനെ വേട്ടയാടുന്ന മറ്റൊരു പ്രശ്നമായി ഇത് മാറിയേക്കാം.

കഞ്ചാവുമായി യുവാവ് പിടിയിൽ

പാപ്പിനിശേരി: പാപ്പിനിശേരി എക്സൈസ് സംഘം നടത്തിയ പരിശോധനയിൽ 20 ഗ്രാം കഞ്ചാവുമായി യുവാവിനെ പിടികൂടി. നോർത്ത് ബേപ്പൂരിലെ കുമ്പളപറമ്പിൽ ജഷിബാബു (42)വിനെയാണ് ഇന്നലെ വൈകുന്നേരം എടാട്ട് വെച്ച് പിടികൂടിയത്. എക്സൈസ് ഇൻസ്പെക്ടർ എം.ദിലീപ് നേതൃത്വം നൽകി. അസി.എക്സൈസ് ഇൻസ്പെക്ടർ എം. സുധാകരൻ, പ്രിവന്റീവ് ഓഫീസർ കെ.ദിനേശൻ, സിവിൽ എക്സൈസ് ഓഫീസർമാരായ സി.അഭിലാഷ്, കെ.എം.ദീപക്, സി.പുരുഷോത്തമൻ, സന്ദീപ് കീരി എന്നിവരും പിടികൂടിയ സംഘത്തിലുണ്ടായിരുന്നു.

രാജേഷ് വധം: കൊലക്ക് ഉപയോഗിച്ച ആയുധങ്ങൾ കണ്ടെടുത്തു

തിരു: മടവൂർ സ്വദേശിയായ മുൻ റോഡിയോ ജോക്കി രാജേഷിനെ കൊലപ്പെടുത്താൻ ഉപയോഗിച്ച ആയുധങ്ങൾ പോലീസ് കണ്ടെടുത്തു. കേസിലെ പ്രധാന പ്രതി അലിഭായി എന്ന സാലിഹ് ബിൻ ജലാലിനെ ഇന്നലെ തിരുവനന്തപുരം വിമാനത്താവളത്തിൽ വെച്ച് അറസ്റ്റ് ചെയ്തിരുന്നു. അലിഭായിയെ ചോദ്യം ചെയ്തപ്പോഴാണ് ആയുധങ്ങൾ ഉപേക്ഷിച്ച സ്ഥലത്തെ കുറിച്ച് സൂചന ലഭിച്ചത്. ഇതേ തുടർന്ന് അലിഭായിയെയും കൂട്ടിപ്പോയാണ് ആയുധങ്ങൾ കണ്ടെടുത്തത്. കരിനാഗപ്പള്ളിക്കടുത്ത കന്നേറ്റി പാലത്തിന് സമീപത്ത് നിന്നാണ് ആയുധങ്ങൾ കണ്ടെടുത്തത്.

സി.പി.എം പുറത്താക്കിയ കീഴാറ്റൂരിലെ വയൽക്കിളികളുടെ വീട്ടിൽ പി.ജയരാജൻ

തളിപ്പറമ്പ: കീഴാറ്റൂർ സമരത്തെ തുടർന്ന് സി.പി.എമ്മിൽ നിന്ന് പുറത്താക്കിയ ബ്രാഞ്ച് കമ്മിറ്റിയംഗങ്ങളെ കാണാൻ ജില്ലാ സെക്രട്ടറി പി.ജയരാജൻ എത്തി. ഇന്ന് രാവിലെ 7.45 ഓടെയായിരുന്നു അപ്രതീക്ഷിതമായ സന്ദർശനം. സി.പി.എമ്മിന്റെ തന്നെ ചരിത്രത്തിലെ അപൂർവ നീക്കമാണ് പാർട്ടിയിൽ നിന്ന് പുറത്താക്കപ്പെട്ടവരെ കാണുന്നതിന് ഉന്നത നേതാവ് എത്തിയത്.

കീഴാറ്റൂരിലെ മൂന്ന് ബ്രാഞ്ചുകളിൽ നിന്നായി 11 പേരെയാണ് സി.പി.എമ്മിൽ നിന്ന് പുറത്താക്കിയത്. ഇവരിൽ ആറുപേരുടെ വീടുകളിലാണ് ജയരാജനെത്തിയത്. പ്രസന്നൻ, രജീഷ്, എം.ബാലൻ, ഗോവിന്ദൻ, ബൈജു, ബിജു എന്നിവരുടെ വീടുകളിലാണ് ജയരാജനെത്തിയതെങ്കിലും ബൈജുവും ബിജുവും വീടുകളിലുണ്ടായിരുന്നില്ല. മറ്റ് നാലുപേരുടെ വസതികളിലെത്തിയ ജയരാജൻ കീഴാറ്റൂർ സമരത്തെക്കുറിച്ച് സംസാരിക്കാൻ മെനക്കെട്ടില്ല. നിങ്ങളെ പാർട്ടിയിൽ നിന്ന് ശാശ്വതമായി പുറത്താക്കിയിട്ടില്ലെന്നും മാറ്റി നിർത്തുക മാത്രമാണ് ചെയ്തതെന്നും പറഞ്ഞ അദ്ദേഹം തിരിച്ചുവരാൻ ഇനിയും അവസരമുണ്ടെന്ന സൂചന നൽകി. വയൽക്കിളികൾ ആരംഭിക്കുന്ന ലോംങ് മാർച്ച് ഉൾപ്പെടെയുള്ള തുടർ സമര പരിപാടികളിൽ നിന്ന് മാറി നിൽക്കണമെന്ന് അഭ്യർത്ഥിച്ച ജയരാജൻ പുറത്താക്കപ്പെട്ടവരെ തിരിച്ചെടുക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങൾ പാർട്ടി ഗൗരവത്തിൽ പരിശോധിക്കുമെന്ന് വ്യക്തമാക്കി. നാലുപേരും മുൻ ബ്രാഞ്ച് കമ്മിറ്റിയംഗങ്ങളും കീഴാറ്റൂർ സമരത്തിൽ തുടക്കം മുതൽ പാർട്ടിയെടുത്ത നിലപാടുകൾ ചൂണ്ടിക്കാണിച്ചെങ്കിലും ജയരാജൻ അവരുടെ വാദങ്ങൾ ഖണ്ഡിക്കാൻ തയ്യാറായില്ല. അത് ബന്ധപ്പെട്ട കമ്മിറ്റികളിൽ ചർച്ച ചെയ്യാമെന്ന മറുപടിയാണ് നൽകിയത്. നാലുപേരും പറഞ്ഞ കാര്യങ്ങൾ ശ്രദ്ധാപൂർവമാണ് ജില്ലാ സെക്രട്ടറി കേട്ടത്. തെറ്റ് തിരുത്തിക്കൊണ്ടുള്ള ഒരു സംയുക്ത പ്രസ്താവനയിറക്കാൻ ജയരാജൻ അഭ്യർത്ഥിച്ചെങ്കിലും അക്കാര്യത്തിൽ ആലോചിച്ച് മാത്രമേ നിലപാടെടുക്കാൻ കഴിയുകയുള്ളൂവെന്ന അഭിപ്രായമാണ് നാല് പേരും സ്വീകരിച്ചത്. കണ്ണൂരിൽ 10 മണിയോടെ മറ്റൊരു യോഗത്തിൽ പങ്കെടുക്കാനുള്ളതിനാലാണത്രെ ബാക്കി അഞ്ച് മുൻ ബ്രാഞ്ച് കമ്മിറ്റിയംഗങ്ങളെ കാണാൻ നിൽക്കാതെ ജയരാജൻ മടങ്ങിയത്. ഇന്ന് വൈകുന്നേരമോ അടുത്ത ദിവസമോ ഇവരെ കാണാൻ ജയരാജൻ വരുമെന്നാണ് സൂചന. ജില്ലാ കമ്മിറ്റിയംഗം കെ.സന്തോഷ്, ഏരിയാ കമ്മിറ്റിയംഗം ബിജുമോൻ, ബ്രാഞ്ച് സെക്രട്ടറി രാഘവൻ തുടങ്ങിയവരും ജയരാജനൊപ്പമുണ്ടായിരുന്നു. പുറത്താക്കപ്പെട്ടവരെ സാധാരണഗതിയിൽ ഒരു വർഷം കഴിഞ്ഞതിന് ശേഷമേ പാർട്ടിയിൽ തിരിച്ചെടുക്കാവൂ എന്നാണ് സി.പി.എമ്മിന്റെ രീതി.

കൂത്തുപറമ്പിൽ ബി.ജെ.പി, സി.പി.എം പ്രവർത്തകരുടെ വീടുകൾക്ക് ബോംബേറ്

കൂത്തുപറമ്പ്: കൂത്തുപറമ്പ് പോലീസ് സ്റ്റേഷൻ പരിധിയിൽ ബി.ജെ.പി, സി.പി.എം പ്രവർത്തകരുടെ വീടുകൾക്ക് നേരെ ബോംബേറ്. കൈതേരിയിലെ ഹരീഷിന്റെ വീടിന് നേരെ ഇന്നലെ രാത്രി 12.30 ഓടെയാണ് ബോംബേറ് നടന്നത്. സ്റ്റീൽ ബോംബുകളാണ് എറിഞ്ഞത്. ഹരീഷിന്റെ മകൻ പി. ഹർഷൻ സജീവ ബി.ജെ.പി-ആർ.എസ്.എസ് പ്രവർത്തകനാണ്. ബോംബേറിൽ വീടിന്റെ ജനൽച്ചില്ലുകൾ തകർന്നു. തകർന്ന ഗ്ലാസിന്റെ ചീളുകളേറ്റ് ഹർഷന്റെ സഹോദരി ഹരിത (16)ക്ക് പരിക്കേറ്റു. ഇതിന് ശേഷം പുലർച്ചെ 2 മണിയോടെ സി.പി.എം ഏരിയാ കമ്മിറ്റിയംഗം ആയിത്തറ മമ്പറത്തെ അബ്ദുറഷീദിന്റെ ഷാമില എന്ന വീടിന് നേരെ ബോംബേറ് നടന്നു. വരാന്തയുടെ ഗ്രിൽസ് ബോംബേറിൽ തകർന്നു. ജനൽച്ചില്ലുകളും തകർന്നിട്ടുണ്ട്. ഏതാനും ദിവസം മുമ്പ് കൈതേരിയിടത്ത് സി.പി.എമ്മിന്റെ കൊടി നശിപ്പിക്കപ്പെട്ടിരുന്നു. അതുമായി ബന്ധപ്പെട്ട് ഉയർന്ന സംഘർഷാവസ്ഥയാണ് ബോംബേറിൽ കലാശിച്ചത്.

പരിയാരം മെഡി. കോളേജ് സർക്കാർ ഏറ്റെടുത്തു

തിരുവനന്തപുരം: പരിയാരം സഹകരണ മെഡി. കോളേജ് സർക്കാർ ഏറ്റെടുത്തു. ഇതുസംബന്ധിച്ച ഓർഡിനൻസിന് ഇന്ന് ചേർന്ന മന്ത്രിസഭാ യോഗം അംഗീകാരം നൽകി. കോളേജ് ഏറ്റെടുക്കുന്നതിന്റെ ഭാഗമായി മെഡി. കോളേജ് ഹഡ്ക്കോയ്ക്ക് നൽകാനുള്ള വായ്പാ കുടിശിക നേരത്തെ മുതൽ സർക്കാർ ഏറ്റെടുത്ത് അടക്കാൻ തുടങ്ങിയിരുന്നു. കോളേജിന്റെ ആസ്തി ബാധ്യതകൾ തിട്ടപ്പെടുത്താൻ വൈകിയതാണ് ഏറ്റെടുക്കൽ വൈകാൻ ഇടയാക്കിയത്. മെഡി. കോളേജ് സർക്കാർ ഏറ്റെടുക്കണമെന്നാവശ്യപ്പെട്ട് പ്രക്ഷോഭ സമിതി ഏറെക്കാലം സമരം നടത്തിയിരുന്നു.

ഹാരിസൺ കേസിലും സർക്കാരിന് തിരിച്ചടി; ഒത്തുകളിയെന്ന് ആരോപണം

എറണാകുളം: ഹാരിസൺ മലയാളം പ്ലാന്റേഷന്റെ ഭൂമി ഏറ്റെടുക്കാനുള്ള സർക്കാർ നീക്കത്തിന് കനത്ത തിരിച്ചടി. ഭൂമി ഏറ്റെടുക്കൽ നടപടി നിർത്തിവെക്കാൻ ഹൈക്കോടതി ഡിവിഷൻ ബെഞ്ച് ഉത്തരവിട്ടു. ഇതുമായി ബന്ധപ്പെട്ട പൊതുതാൽപ്പര്യങ്ങൾ കോടതി തള്ളുകയും ചെയ്തു. ഹൈക്കോടതി ചീഫ് ജസ്റ്റിസ് ഉൾപ്പെട്ട ബെഞ്ചാണ് വിധി പുറപ്പെടുവിച്ചത്.

നേരത്തെ സിങ്കിൾ ബെഞ്ച് ഭൂമി ഏറ്റെടുക്കാൻ അനുമതി നൽകിയിരുന്നു. ഇതിനെതിരെയാണ് ഹാരിസൺ മലയാളം പ്ലാന്റേഷൻ ഡിവിഷൻ ബെഞ്ചിനെ സമീപിച്ചത്. വൻകിട കമ്പനികളുടെ നിലനിൽപ്പ് സംസ്ഥാനത്തിന് ആവശ്യമാണെന്നും ജനാഭിലാഷം നോക്കിയല്ല സർക്കാർ പ്രവർത്തിക്കേണ്ടതെന്നും ഡിവിഷൻ ബെഞ്ച് ഓർമ്മിപ്പിച്ചു.

38,000 ഏക്ര ഭൂമി ഹാരിസൺ മലയാളം പ്ലാന്റേഷൻ അനധികൃതമായി കൈവശം വെച്ചിരിക്കുകയാണെന്ന് സ്പെഷൽ ഓഫീസർ എം. ജി. രാജമാണിക്യം സർക്കാരിന് റിപ്പോർട്ട് നൽകിയിരുന്നു. ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ഭൂമി ഏറ്റെടുക്കാൻ സർക്കാർ നടപടി ആരംഭിച്ചത്. രാജമാണിക്യം റിപ്പോർട്ട് ഡിവിഷൻ ബെഞ്ച് റദ്ദാക്കിയിട്ടുണ്ട്.

അതേസമയം കേസ് മനപൂർവ്വം തോറ്റുകൊടുത്തതാണെന്ന് ആരോപിച്ച് മുൻ സ്പെഷൽ പബ്ലിക് പ്രോസിക്യൂട്ടർ സുശീല ആർ. ഭട്ട് രംഗത്തുവന്നു. ചോദിച്ചുവാങ്ങിയ വിധിയാണ് ഇതെന്ന് അവർ കുറ്റപ്പെടുത്തി. സർക്കാർ അതീവ ലാഘവത്തോടെയാണ് കേസിനെ സമീപിച്ചത്. സുപ്രീംകോടതിയിൽ നിന്ന് അഭിഭാഷകനെ വരുത്തി വാദിച്ചുവെങ്കിലും വാദിക്കാൻ ആവശ്യമായ നോട്ടുകൾ പോലും അദ്ദേഹത്തിന് നൽകിയിരുന്നില്ലെന്ന് സുശീല ഭട്ട് പറഞ്ഞു. കേസ് മനപൂർവ്വം തോറ്റുകൊടുത്തതാണെന്ന് കോൺഗ്രസ് നേതാവ് വി.എം. സുധീരൻ ആരോപിച്ചു. ഭൂമി സംബന്ധിച്ച കേസുകളിൽ തോറ്റുകൊടുക്കൽ തുടർ പ്രക്രിയയായി മാറിയെന്നും അദ്ദേഹം ആരോപിച്ചു.

ജാനകി വധക്കേസിൽ പോലീസ് ചോദ്യം ചെയ്ത യുവാവ് തൂങ്ങിമരിച്ചു

ചീമേനി: പുലിയന്നൂരിലെ റിട്ട. അധ്യാപിക ജാനകിയെ കൊലപ്പെടുത്തി കവർച്ച ചെയ്ത കേസിൽ പോലീസ് ചോദ്യം ചെയ്ത യുവാവ് തൂങ്ങിമരിച്ചു. ചീമേനി ടൗണിലെ ഓട്ടോഡ്രൈവർ പുലിയന്നൂർ ചീർക്കുളം സ്വദേശി സുബിൻ (26)ആണ് ജീവനൊടുക്കിയത്.

കേസിൽ അറസ്റ്റിലായ വൈശാഖ്, അരുൺകുമാർ എന്നിവർ സുബിന്റെ നാട്ടുകാരും സുഹൃത്തുക്കളുമാണ്. നേരത്തെ രണ്ട് തവണ സുബിനെ പോലീസ് ചോദ്യം ചെയ്തിരുന്നു. എന്നാൽ സംഭവവുമായി സുബിനിന് ബന്ധമില്ലെന്ന് മനസിലായതിനെ തുടർന്ന് വിട്ടയക്കുകയായിരുന്നു. പക്ഷെ നീയും കേസിൽ ഉൾപ്പെടുമെന്നും പോലീസ് പിടിക്കുമെന്നും ചിലർ സുബിനിനെ ഭയപ്പെടുത്തിയിരുന്നത്രെ. ഇതേ തുടർന്ന് കുറച്ച് നാളായി സുബിൻ മാനസികമായി തളർന്ന നിലയിലായിരുന്നു. ഓട്ടോറിക്ഷ കൃത്യമായി ഓടിക്കാതിരിക്കുക ഭക്ഷണം കഴിക്കാതിരിക്കുക തുടങ്ങിയവ ശ്രദ്ധയിൽപ്പെട്ട ബന്ധുക്കൾ ഭയം അകറ്റാൻ വേണ്ടി ഇന്ന് പരിയാരം മെഡിക്കൽ കോളേജിൽ കൗൺസിലിങ്ങിന് കൊണ്ടുവരാൻ തീരുമാനിച്ചതായിരുന്നു. ഭയം അകറ്റാൻ ഇന്നലെ ചീമേനി പോലീസ് സ്റ്റേഷനിൽ കൊണ്ടുപോകുകയും പോലീസുകാർ സ്നേഹപൂർവം സംസാരിക്കുകയും ചെയ്തിരുന്നു. എന്നാൽ ഇന്നലെ വൈകുന്നേരം വീട്ടിൽ അമ്മമ്മ മാധവി മാത്രമുള്ളപ്പോൾ തൂങ്ങിമരിക്കുകയായിരുന്നു. അവിവാഹിതനാണ്. അമ്മ പത്മിനി.